11610
10/9/15

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - പാലക്കാട് ഈസ്റ്റേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിലേക്ക് പുന:സ്ഥാപിച്ച ഫെയർ കോപ്പി സൂപ്രണ്ട് തസ്തിക തൃശ്ശൂർ റിസർച്ച് നോർത്ത് ഓഫീസിലേക്ക് താല്ക്കാലികമായി പുനർവിന്യസിച്ച് ഉത്തരവാകുന്നു.

## വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം. 413/2015/വനം തീയതി, തിരുവനന്തപുരം, 08/09/2015.

പരാമർശം: 1. സ.ഉ(സാധാ) നം.378/2011/വനം തീയതി 16/08/2011.
2. സ.ഉ(സാധാ) നം.381/2013/വനം തീയതി 28/09/2013.
3. ശ്രീമതി. എ. വിലാസിനി അമ്മ, ശ്രാവണം വീട്, കോണത്തുകുന്ന്, കരുമാത്ര വില്ലേജ്, തൃശ്ശൂരിന്റെ 27.04.2015 തീയതിയായുള്ള നിവേദനം.
4. ഭരണവിഭാഗം മുഖ്യവനപാലകന്റെ 28/07/2015 ലെ ഇ 2-4047/14 നമ്പർ കത്ത്.

### ഉത്തരവ്

പാലക്കാട് ഈസ്റ്റേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിൽ നിന്നും തൃശ്ശൂർ റിസർച്ച് നോർത്ത് ഡിവിഷനിലേക്ക് താൽക്കാലികമായി മാറ്റിയിരുന്ന ഫെയർ കോപ്പി സൂപ്രണ്ട് തസ്തിക പരാമർശം 2 പ്രകാരം പുന:സ്ഥാപിച്ച് ഉത്തരവായിരുന്നു. പാലക്കാട് (ഈസ്റ്റേൺ സർക്കിൾ) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിലേക്ക് പുന:സ്ഥാപിച്ച ടി ഫെയർ കോപ്പി സൂപ്രണ്ട് തസ്തിക ഒരു വർഷത്തേക്കുകൂടി തൃശ്ശൂർ റിസർച്ച് നോർത്ത് ഡിവിഷനിലേക്ക് താൽക്കാലികമായി മാറ്റി സ്ഥാപിക്കുവാൻ പരാമർശിത കത്ത് പ്രകാരം മുഖ്യവനപാലകൻ ആവശ്യപ്പെടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് (ഈസ്റ്റേൺ സർക്കിൾ) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിലെ ഫെയർ കോപ്പി സൂപ്രണ്ട് തസ്തിക തൃശ്ശൂർ റിസർച്ച് നോർത്ത് ഡിവിഷനിലേക്ക് ഒരു വർഷത്തേക്ക് കൂടി താല്ക്കാലികമായി മാറ്റി സ്ഥാപിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. നിലവിൽ പാലക്കാട് ഈസ്റ്റേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിൽ ഫെയർ കോപ്പി സൂപ്രണ്ടായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി. കെ. ശാന്തകുമാരിയ്ക്ക് തൃശ്ശൂർ റിസർച്ച് നോർത്ത് ഡിവിഷനിലേക്ക് സ്ഥലം മാറ്റം നൽകുന്നതിനു വേണ്ട നടപടി ഭരണവിഭാഗം മുഖ്യവനപാലകൻ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**വി.സി. ജോസ്**
**അണ്ടർ സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)
തിരുവനന്തപുരം.
ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്,പാലക്കാട് ഈസ്റ്റേൺ സർക്കിൾ
ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, തൃശ്ശൂർ റിസർച്ച് നോർത്ത് ഡിവിഷൻ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
വെബ് & ന്യൂമീഡിയ ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ